പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1804 — 22.03.2012 - ൽ മറുപടിയ്ക്ക്

## വനിതാ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി<br>'' വി.ഡി. സതീശൻ<br>'' അൻവർ സാദത്ത്<br>'' ഹൈബി ഈഡൻ | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;<br>(സി) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിന് കൂടുതൽ വനിതാ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) & (സി) | നിലവിൽ സംസ്ഥാന പോലീസിൽ നിശ്ചയിച്ചിട്ടുള്ള വനിതാ പ്രാതിനിധ്യം 10 % ആണ്. വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിതാ പോലീസുകാരുടെ സേവനം ഉപയോഗിച്ച് എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു Help Desk തുടങ്ങുന്നതിനും, എല്ലാ പോലീസ് കൺട്രോൾ റൂമുകളിലും ഒരു Call Centre വനിതകൾക്കായി ആരംഭിക്കുവാനും ഇതോടൊപ്പം ഒരു ദ്രുതകർമ്മ വിഭാഗം രൂപീകരിക്കുന്നതും സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ